ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ ആന്റ് ബി) ഇല്ല. എന്നാൽ എല്ലാവിധ ചികിത്സാ സമ്പ്രദായങ്ങളേയും ഏകോപിപ്പിച്ച് സമഗ്രമായ ഒരു നിയമം കൊണ്ടുവരുവാൻ 1996-ൽ തന്നെ സർക്കാർ തീരുമാനിച്ചിരുന്നു. ഇത് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരിക്കുകയാണ്.

(സി) സിദ്ധ, ആയുർവേദ ശാഖകളിലുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിനോ വില്പന നടത്തുന്നതിനോ ലൈസൻസ് ആവശ്യമില്ല. എന്നാൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് അത്തരം മരുന്നുകൾ നിർമ്മിക്കുന്നതിന് ലൈസൻസ് ആവശ്യമാണ്.

(ഡി) സിദ്ധ കോളേജ് ഇപ്പോൾതന്നെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. യൂനാനി സമ്പ്രദായം പഠിപ്പിക്കാൻ വ്യവസ്ഥാപിത സംവിധാനം ഏർപ്പെടുത്താൻ സർക്കാരിന് ഇപ്പോൾ ഉദ്ദേശ്യമില്ല.

ഔഷധസസ്യങ്ങൾക്ക് വിദേശികൾ പേറ്റന്റ് നേടുന്നത് തടയാൻ നടപടി

*4 [304] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
,, സി. പി. മുഹമ്മദ് :
,, എൻ. ശക്തൻ :
,, വി. ഡി. സതീശൻ :
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഔഷധ സസ്യങ്ങൾക്ക് വിദേശികൾ പേറ്റന്റ് നേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽപ്പെട്ട ഏതെല്ലാം സസ്യങ്ങൾക്ക് ഏതെല്ലാം വിദേശ രാജ്യങ്ങളാണ് പേറ്റന്റ് നേടിയിട്ടുള്ളത്;

(സി) സംസ്ഥാനത്തിന്റെ ബൗദ്ധിക സമ്പത്തിന്റെയും സസ്യസമ്പത്തിന്റെയും പേറ്റന്റ് വിദേശികൾ നേടുന്നതിനെതിരെ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇതിനുള്ള നിയമനിർമ്മാണം നടത്തുമോ; എങ്കിൽ എന്നേക്ക് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

†അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly

(സി) ആയുർവേദ സംബന്ധിയായ ഔഷധ സസ്യങ്ങളുടെ പേറ്റന്റ് ഇതര രാഷ്ട്രങ്ങൾ എടുക്കുന്നത് തടയാൻ കേന്ദ്രഗവൺമെന്റ് ട്രഡീഷണൽ നോളജ് ഡിജിറ്റൽ ലൈബ്രറി എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്നുണ്ട്. ഈ ലക്ഷ്യത്തോടു കൂടിതന്നെ കേരളത്തിന്റെ തനത് സമ്പത്തുകൾ സംരക്ഷിക്കുന്നതിന് കേരള ഗവൺമെന്റ് ഒരു പേറ്റന്റ് സെൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണിച്ചിട്ടില്ല.

ഭരണ നവീകരണത്തിന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ

*5 [305] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ബാലൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണത്തിന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പരിഷ്കാരങ്ങളാണ് ഇതിനകം നടപ്പാക്കിയിട്ടുള്ളതെന്ന് പറയാമോ;

(സി) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ അവശ്യം വേണ്ട ഏറ്റവും കുറഞ്ഞ ഭൗതിക സാഹചര്യങ്ങൾ, ഉപകരണങ്ങൾ, മാനവശേഷി, പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ എന്നിവയ്ക്ക് ഒരു പൊതു മാനദണ്ഡം നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ഏതെല്ലാം സേവനങ്ങൾക്കാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) സർക്കാർ ആശുപത്രികളിൽ പരിശോധനയ്ക്കും സർട്ടിഫിക്കറ്റുകൾക്കും മറ്റും ഏർപ്പെടുത്തിയിരുന്ന ഫീസ് നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആരോഗ്യമേഖലയിൽ എട്ട് ഉദ്യമങ്ങളിലൂടെ താഴെ പറയുന്ന പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു:

(i) ആരോഗ്യപരിരക്ഷണ-പരിപാലന നിലവാരം നിർണ്ണയിക്കുന്നതിനും സേവനങ്ങൾക്കായുള്ള ചെലവിനെ സംബന്ധിച്ചും പഠനം നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[5-2-2004-ലെ 4(*314)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

1.	കറ്റാർ വാഴ	..	അമേരിക്ക	- 2
		..	ഫ്രാൻസ്	- 1
2.	ചെമ്പല്യം	..	അമേരിക്ക	- 1
3.	കണിക്കൊന്ന	..	ജപ്പാൻ	- 1
			ജർമ്മനി	- 2
4.	ജീരകം	..	അമേരിക്ക	- 2
5.	കടുക്	..	അമേരിക്ക	- 6
			കാനഡ	- 3
			ചൈന	- 1
			ഫ്രാൻസ്	- 3
6.	കടലാവണക്ക്	..	ജപ്പാൻ	- 1
			അമേരിക്ക	- 1
7.	ആര്യവേപ്പ്	..	ജപ്പാൻ	- 2
			അമേരിക്ക	- 13
			ഫ്രാൻസ്	- 1
			ജർമ്മനി	- 1
8.	നെല്ലിക്ക	..	യു.എസ്.എ.	
9.	മാതളം	..	ജപ്പാൻ	- 1
10.	കുരുമുളക്	..	അമേരിക്ക	- 1
11.	ചിറ്റാവണക്ക്	..	അമേരിക്ക	- 1
12.	കീഴാർനെല്ലി	..	അമേരിക്ക	- 2
			ജപ്പാൻ	- 1
			ഇന്ത്യ	- 1
13.	പുത്തിരിച്ചുണ്ട	..	ബ്രിട്ടൻ	- 1
			ഇറ്റലി	- 1
			അമേരിക്ക	- 4
			ജപ്പാൻ	- 1
14.	മഞ്ഞൾ	-	യു.എസ്.എ.	- 2
		-	ചൈന	- 1
		-	ജർമ്മനി	- 1
15.	ഞെരിഞ്ഞിൽ	-	ബ്രിട്ടൻ	- 1

LIBRARY ARCHIVES Kerala Legislative Assembly